**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3170** **11-03-2025 - ൽ മറുപടിയ്ക്ക്**

**എയർ കണക്റ്റിംഗ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെയും നഗരകേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹെലിട്ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹെലി ടൂറിസം നയത്തിന് സർക്കാർ ഉത്തരവ് സ.ഉ (കൈ) നം: 23/2024/TSM dated 07.12.24 മുഖേന അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമായ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെലിട്ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നതാണ് അദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഒരു ഫെസിലിറ്റേറ്ററുടെ ഭാഗമാണ് സർക്കാർ ഇതിൽ നിർവ്വഹിക്കുന്നത്. ഇതിൽ വിവിധ ടൂറിസം കേന്ദ്രങ്ങളും നഗരങ്ങളും തിരഞ്ഞെടുത്ത് ഹെലികോപ്റ്റർ സേവനം നൽകുന്നത് വിവിധ സ്വകാര്യ സേവനദാതാക്കളായിരിക്കും. അഷ്ടമുടി, ചാലക്കുടി, തേക്കടി, ജടായു പാറ, കോവളം,കുമരകം, മൂന്നാർ തുടങ്ങി ടൂറിസം കേന്ദ്രങ്ങളുമായി അടുത്തുനിൽക്കുന്ന പ്രവർ ത്തനസജ്ജമായ ഹെലിപാഡുകൾ പദ്ധതി യുടെ ആദ്യഘട്ടത്തിൽ പരിഗണിച്ച് വരുന്നവയാണ്. ഹെലിട്ടൂറിസം പദ്ധതിയിൽ സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. ഹെലിട്ടൂറിസം പദ്ധതിയുടെ ഭാഗമാകുന്ന സ്വകാര്യദാതാക്കൾ തന്നെ അത്തരം അനുമതി ഉള്ളവരാകണം. |
| (ബി) | എയർ കണക്റ്റിംഗ് കേരള പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് സ്വകാര്യ സംരംഭകരുടെയും പ്രവാസി സംരംഭകരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതിയുണ്ടോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതിയും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അംഗീകാരവും ലഭിക്കുന്നതിനുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ